# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2367

05.02.2018 ൽ മറുപടിക്ക്

### കെട്ടിട നിർമ്മാണ സാമഗ്രികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) | കെട്ടിട നിർമ്മാണ സാമഗ്രികൾക്കുണ്ടായിട്ടുള്ള വമ്പിച്ച വിലവർദ്ധനവ് നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുള്ള സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനായി ചെറുകിട ധാതുക്കളുടെ ഖനനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപെടൽ നടത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മണലിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിനായി ആഴക്കടൽ മണൽ ഖനനം ആരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത ജോലി നിർവഹിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | നാളിതുവരെ ആഴക്കടൽ മണൽ ഖനനം അനുവദിച്ചിട്ടില്ല. |
| (ഡി) | ആഴക്കടൽ മണൽ ഖനനം പരിസ്ഥിതിക്ക് ഹാനികരമാണോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | മുൻ സർക്കാരിന്റെ കാലത്ത് മണലിന് ക്ഷാമം ഉണ്ടായപ്പോൾ സിഡ്കോ വഴി മണൽ വിദേശത്തു നിന്നും ഇറക്കുമതി ചെയ്തിരുന്നോ എന്നു വ്യക്തമാക്കാമോ; | (ഇ) | മണൽ ഇറക്കുമതി ചെയ്യുന്നതിനായി മെ.ലിങ്ക് ലാന്റ് എന്ന സ്ഥാപനവുമായി കരാർ ഉണ്ടാക്കിയിരുന്നുവെങ്കിലും കരാർ പ്രകാരം മണൽ ഇറക്കുമതി ചെയ്യാതിരുന്നതിനാൽ ടി കരാർ റദ്ദ് ചെയ്യുകയുകയാണുണ്ടായത്. |
| (എഫ്) | മലേഷ്യയിൽ നിന്നും കപ്പൽ മാർഗ്ഗം മണൽ കൊണ്ടുവരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എഫ്) | 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 107 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ആർക്കും കേരളത്തിലേക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. ഇതിനായി പ്രത്യേക സർക്കാർ അനുമതിയുടെ ആവശ്യമില്ല. എന്നാൽ ഇപ്രകാരം ഇറക്കുമതി ചെയ്ത മണൽ സംസ്ഥാനത്ത് സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് മൈനിംഗ് & |

ജിയോളജി വകുപ്പിൽ നിന്നുള്ള ഡീലേഴ്സ് ലൈസൻസ് ആവശ്യമാണ്. ഇപ്രകാരം മലേഷ്യയിൽ നിന്നും കേരളത്തിലേക്ക് 88,807 ടൺ മണൽ 2017-18 ൽ ഇറക്കുമതി ചെയ്തിട്ടുള്ളതും ആയതിന് മൈനിംഗ് & ജിയോളജി വകുപ്പ് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്.

Manjith

**സെക്ഷൻ ഓഫീസർ**